# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4273 13.12.2018-ൽ മറുപടിക്ക്**

**കൂടംകുളത്ത് നിന്ന് തൃശ്ശൂരിലേക്കുള്ള 400 കെ.വി.ലൈൻ**

| | ചോദ്യം<br>ശ്രീ രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളത്ത് നിന്ന് തൃശ്ശൂരിലേക്ക് വലിക്കുന്ന 400 കെ. വി. ലൈൻ അലൈൻമെന്റ് നേരത്തെ നിശ്ചയിച്ചതിൽ നിന്ന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; | (എ) | കൂടംകുളത്ത് നിന്ന് തൃശ്ശൂരിലേക്ക് വലിക്കുന്ന 400 കെ.വി.ലൈൻ അലൈൻമെന്റ് നേരത്തെ നിശ്ചയിച്ചതിൽ നിന്ന് മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | ജനവാസ കേന്ദ്രങ്ങളിൽ നിന്നും ലൈൻ ഒഴിവാക്കണമെന്ന് ജനകീയ സമിതിയുടെ പരാതി സംബന്ധിച്ച് എന്തെങ്കിലും പുതിയ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പുതിയ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല |
| (സി) | കൂടംകുളം ലൈൻ നിർമ്മാണം സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം ആദ്യം നടത്തിയ അവലോകനയോഗത്തിൽ ആവശ്യമുള്ള പക്ഷം ലൈനിന് കീഴിൽ വരുന്ന ഭൂവുടമകളെ ആവശ്യപ്പെട്ടാൽ പകരം വീട്ടും നൽകി പുനരധിവസിപ്പിക്കണമെന്ന മുഖ്യമന്ത്രി നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) & (ഡി) | 30.07.2015, 31.08.2016 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | അവലോകന യോഗനടപടിക്കുറിപ്പിൽ ഇക്കാര്യം ഉൾപ്പെടാതെ പോയത് എന്തുകൊണ്ടാണ്; ഇത് ഉൾപ്പെടുത്തി യോഗനടപടിക്കുറിപ്പ് പുന:ക്രമീകരണം ചെയ്യണമെന്ന ആവശ്യം നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ